കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലാ പഞ്ചായത്ത് - പൂതാടി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം - സ്ഥലം രജിസ്ട്രേഷൻ ചാർജ്ജ് - തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 4043 /2017/തസ്വഭവ തിരുവനന്തപുരം, തീയതി, 14.12.2017.

---

വായന:- 1. വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23/09/2017 ലെ DP14/2353/17 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ സമിതിയുടെ 15/11/2017 ലെ 4.17 നമ്പർ തീരുമാനം.

**ഉത്തരവ്**

വയനാട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൂതാടി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും സ്റ്റേഡിയം നിർമ്മാണത്തിന് കേണിച്ചിറ യുവ പ്രതിഭ ആർട്ട്സ് & സ്പോർട്ട്സ് ക്ലബിന്റെ വക 25 സെന്റ് സ്ഥലം സൗജന്യമായി നല്കാൻ തയ്യാറാണെന്ന് ക്ലബിന്റെ ഭാരവാഹികൾ അറിയിച്ചിട്ടുണ്ടെന്നും ടി സ്ഥലത്തിന്റെ രജിസ്ട്രേഷൻ ചാർജ്ജായ 1,60,000/- രൂപ അനുവദിയ്ക്കുന്നതിന് അനുമതി നൽകണമെന്നും വായന (1) പ്രകാരം വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടുകയും ആയതിലേയ്ക്കായി തനത് ഫണ്ട് ഉപയോഗിക്കാൻ വായന (2) പ്രകാരം അനുമതി നൽകുകയുമുണ്ടായി.

2) ഈ സാഹചര്യത്തിൽ വയനാട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൂതാടി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സൗജന്യമായി ലഭ്യമാകുന്ന കേണിച്ചിറ യുവ പ്രതിഭ ആർട്ട്സ് & സ്പോർട്ട്സ് ക്ലബിന്റെ വക 25 സെന്റ് സ്ഥലത്തിന്റെ രജിസ്ട്രേഷൻ ചാർജ്ജായ 1,60,000/- രൂപ (ഒരു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഒടുക്കുന്നതിനായി തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഒ.എസ്) വകുപ്പ് (352/ഡിബി2/17/തസ്വഭവ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ